(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 14.08.2017

നം.കെ.എസ്.എ-ഐ.ഡി.കെ- 8/1057/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പീരുമേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പീരുമേട് ഗ്രാമപഞ്ചായത്ത് -2016-2017 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 മുതൽ 2-5 ഖണ്ഡികകളിലേക്കും ഭാഗം 3ലെ 3-1 മുതൽ 3-20 വരെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ- 8/1057/2017 തീയതി. 14.08.2017

## ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.2016 മുതൽ 25.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-07-2017 മുതൽ 01-08-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.റ്റി സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.കെ അഭിലാഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബെന്നിമാത്യൂ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സുലേഖ റ്റി.എസ് | 1-4-2016മുതൽ 31-3-2017വരെ |
| സെക്രട്ടറി | ശ്രീ.റ്റിജി തോമസ് | 1-4-2016മുതൽ 15-7-2016വരെ |
| | ശ്രീ.അജു.കെ .പി.<br>(അസി.സെക്രട്ടറി-സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല) | 16-7-2016 മുതൽ 31-7-2016 വരെ |
| | ശ്രീ.ബി.ബാലകൃഷ്ണപിള്ള | 1-8-2016മുതൽ 31-3-2017വരെ |

| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ്എഞ്ചിനിയർ | ശ്രീ.കെ.കെ അയ്യപ്പൻ | 1-4-2016 മുതൽ<br>16-7-2016 എഫ്.എൻ.വരെ |
| | ശ്രീ.എൽദോസ് പോൾ | 16-7-2016 എ.എൻ മുതൽ<br>25-10-2016 എഫ്.എൻ വരെ |
| | രമേശൻ.റ്റി.ആർ | 25-10-2016 എ.എൻ മുതൽ<br>31-3-2017 വരെ |
| കൃഷി ആഫീസർ | ശ്രീ.ഷെല്ലി സി | 1-4-2016 മുതൽ<br>31-3-2017 വരെ |
| മെഡിക്കലാഫീസർ (ആരോഗ്യം) | ഡോ.ഡോൺ ബോസ്കോ | 1-4-2016 മുതൽ<br>31-3-2017 വരെ |
| മെഡിക്കലാഫീസർ (ഹോമിയോ) | ഡോ.പ്രണിത നെൽസൺ | 1-4-2016മുതൽ<br>31-3-2017വരെ |
| മെഡിക്കലാഫീസർ (ആയൂർവ്വേദം) | ഡോ.ശ്രീജിത് | 1-4-2016 മുതൽ<br>31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.രമേശ് വി.ആർ | 1-4-2016 മുതൽ<br>31-3-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.പി അജു | 1-4-2016 മുതൽ<br>31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റ്റീന ജോയി | 1-4-2016മുതൽ<br>31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ.ജയസൂര്യൻ എം | 1-4-2016മുതൽ<br>31-3-2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.എം.ഐ ഷൈലജ | 1-4-2016മുതൽ<br>31-3-2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1- പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| ഭാഗം 2 | | |
| 13 | വസ്തുനികുതി പിരിവിലെ അപാകതകൾ | 2-1 |
| 14 | വാടക കുടിശിക ഈടാക്കാത്തത് നഷ്ടം₹40896/- | 2-2 |
| 15 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-3 |
| 16 | ചട്ടങ്ങൾ പാലിക്കാതെ പെർമ്മിറ്റ് നൽകി | 2-4 |
| 17 | ഓഷധിയിൽ നിന്നും കരാർപ്രകാരം നഷ്ടപരിഹാരം വാങ്ങുന്നില്ല | 2-5 |
| ഭാഗം 3 | | |
| 18 | പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം ₹127164/-യുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| 19 | വിത്തുകൾ വിതരണം നടത്തിയിട്ടില്ല | 3-2 |
| 20 | ജീവിതശൈലി രോഗനിർണയപരിപാടി പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-3 |
| 21 | പാലിയേറ്റിവ് കെയർ പദ്ധതി മരുന്നും ഉപകരണങ്ങളും ലഭിച്ചില്ല | 3-4 |
| 22 | ബിറ്റുമിൻ അധികനിരക്ക് നൽകിയത് നഷ്ടം₹19049/- | 3-5 |
| 23 | അസിസ്റ്റന്റ്എഞ്ചിനിയറുടെ അക്കൌണ്ടിൽവൻതുകയുടെ നീക്കിയിരിപ്പ് | 3-6 |
| 24 | കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-7 |
| 25 | ആശ്രയ പദ്ധതി പദ്ധതിവിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു | 3-8 |
| 26 | വെള്ളക്കരം ഒടുക്കൽ അപാകതകൾ | 3-9 |
| 27 | ഓണം മുൻകൂർ തിരികെ ഈടാക്കാത്തത് | 3-10 |
| 28 | ഡെപ്പോസിറ്റ് തുക തിരികെ നൽകൽ രജിസ്റ്ററിൽ നീക്കുപോക്ക് വരുത്തിയിട്ടില്ല | 3-11 |
| 29 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മരുന്ന് ലഭിച്ചിട്ടില്ല | 3-12 |
| 30 | ക്ഷേമപെൻഷനുകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല | 3-13 |
| 31 | ഉപയോഗപ്രദമല്ലാത്ത ബെലെറോ ജീപ്പ് ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല | 3-14 |
| 32 | വഹനം വാങ്ങിയതിന് പരിധി കഴിഞ്ഞ് തുക ചെലവഴിച്ച | 3-15 |

| | | |
|---|---|---|
| 33 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മരുന്ന് ലഭിച്ചിട്ടില്ല | 3-16 |
| 34 | എസ്.എസ്.എ വിഹിതം വിനിയോഗവിവരം ലഭ്യമല്ല | 3-17 |
| 35 | വിവിധ പദ്ധതികൾക്ക് തുക മുൻകൂറായി പിൻവലിച്ച് ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 3-18 |
| 36 | വ്യക്തിഗത കക്കൂസ് നിർമ്മാണം വേല പൂർത്തിയാക്കിയിട്ടില്ല | 3-19 |
| 37 | ഭവനനിർമ്മാണം വേല പൂർത്തിയാക്കിയിട്ടില്ല | 3-20 |
| ഭാഗം 4 | | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 47 | സംയോജിത കാർഷിക പദ്ധതി- ധനസഹായത്തിന്റെ വിശദാംശം | അനുബന്ധം-1 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 ലെ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 4-3-16 ൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പഞ്ചായത്തിന്റെ ശമ്പളം,ദൈനംദിന ചെലവുകൾ, നിലവിൽ യഥാർത്ഥത്തിൽ വരുന്ന പദ്ധതി ചെലവുകൾ എന്നിവയുള്ള വിഹിതം മാത്രമുൾപ്പെടുത്തിയ ബജറ്റ് 16-3-2016 ലെ പഞ്ചായത്തു കമ്മറ്റിയുടെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. ഇതുപ്രകാരം മുന്നിരിപ്പുൾപ്പെടെ ആകെ വരവ് ₹2,24,65,225/-ഉം ചെലവ് ₹2,13,20,000/-ഉം നീക്കിബാക്കി ₹11,45,225/-ഉം ആണ്. പിന്നീട് ടി ബജറ്റ് 17-11-2016 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന മുന്നിരിപ്പ് ₹2158225/-, വരവ്₹136959000/-,ചെലവ് ₹135664000/-, നീക്കിയിരിപ്പ് ₹3453225/- എന്നിങ്ങനെ ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 31-07-2017 | 12-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,75,97,135 |
| വരവ് | 9,77,02,534 |
| ആകെ | 11,52,99,669 |
| ചെലവ് | 9,55,37,080 |
| നീക്കീയിരിപ്പ് | 19,762,589 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേയ്ക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (Additional alotment vide G.O.(P) 346/2017/Fin. dated: 16.01.2017 ₹3725428/-) | 1540400 + 3725428 (additional allotment) ₹19129428 | 0 | 19128997 | 19128997 | 1430273 | 74.77 | 4826260 |
| വികസനഫണ്ട് (എസ്.സി.പി.) | 21429000 | 0 | 21429102 | 21429102 | 16127265 | 75.26 | 5301837 |
| വികസനഫണ്ട് (ടി.എസ്.പി.) | 862000 | 0 | 861711 | 861711 | 855378 | 99.26 | 6333 |
| സംരക്ഷണഗ്രാന്റ് റോഡ് additional vide 3rd allotment | 11061000 + 605709 | 0 | 11666709 | 11666709 | 9082622 | 77.85 | 2584087 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4913000 | 0 | 4913496 | 4913496 | 2455920 | 49.98 | 2457576 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് additional vide 3rd allotment | 9483000 +1244298 | 0 | 10727298 | 10727298 | 9525903 | 88.80 | 1201395 |
| ലോക ബാങ്ക് ധനസഹായം | 0 | 0 | 6297112 | 6297112 | 269000 | 4.27 | 6028112 |

ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത് സർക്കാർ ഉത്തരവിന് അനുസൃതമായാണ്.

പദ്ധതികളുടെ ശതമാനം 2016-17

| നിർവഹണം | ആകെ പദ്ധതികൾ | പൂർണ്ണമായും നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 0 | 4103662 | 1860985 | 45.34 |
| വെറ്ററിനറി സർജൻ | 8 | 7 | 1 | 2330000 | 747500 | 32.08 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 8 | 7 | 1 | 1650240 | 1357152 | 82.23 |
| ഹോമിയോ | 1 | 1 | 0 | 150000 | 150000 | 100 |
| ആയുർവേദം | 2 | 2 | 0 | 440000 | 428000 | 97.27 |
| വി.ഇ.ഒ. | 6 | 6 | 0 | 36879200 | 11579200 | 31.39 |
| ഐ.സി.ഡി.എസ്. | 5 | 5 | 0 | 5319600 | 4082724 | 76.74 |
| സെക്രട്ടറി | 37 | 21 | 16 | 1524882 | 6197780 | 40.64 |
| ഹെഡ്മാസ്റ്റർ | 3 | 3 | 0 | 330000 | 328000 | 99.39 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 226 | 88 | 138 | 68312394 | 25410966 | 37.19 |
| അസി. സെക്രട്ടറി | 13 | 12 | 1 | 7151280 | 5879472 | 82.21 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 313 | 151314258 | 156 | 58021779 | | 157 | 50 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33.12 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം(+) | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 7779595 | 10637354 | 2857759 | 36.73 |
| നികുതിയേതര വരവുകൾ | 1051898 | 1046900 | (-)4998 | (-)0.48 |
| മറ്റുവരവുകൾ | 112538 | 222784 | 110246 | 97.96 |
| ആകെ | 8944031 | 11907038 | 2963007 | 33.12 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60840 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 1610220 | 874 |
| വിധവാപെൻഷൻ | 8405800 | 3864 |
| വാർദ്ധക്യകാലപെൻഷൻ | 19339585 | 7175 |
| വികലാംഗപെൻഷൻ | 1904455 | 873 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 00 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-07-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11987/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. നികുതി പിരിവ്, രജിസ്റ്ററുകളുടെ പരിപാലനം, പദ്ധതി നടത്തിപ്പ് എന്നിവയിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. ക്ഷേമപെൻഷൻ അപേക്ഷകളിൽ യഥാസമയം വടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. അപേക്ഷ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.ആസ്തികളുടെ മൂല്യനിർണയം നടത്തി അപ്ഡേറ്റ് ചെയ്തിട്ടില്ല. വസ്തുനികുതിയിനത്തിൽ 56 ലക്ഷത്തിലധികം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ, വസ്തുനികുതി രജിസ്റ്റർ, കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ

യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണിച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർഎഴുതി സൂക്ഷിക്കുന്നുണ്ട്. സൂചിക സോഫ്റ്റ് വെയർ പ്രകാരം തപാലുകൾ വേണ്ടത്ര കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

17 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽ നല്ലരീതിയിലുള്ള ജനപങ്കാളിത്വവും പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവിന്റെ പുരോഗതി ചർച്ച ചെയ്ത് വിവരം ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. 2016-17 വർഷത്തെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ, നികുതികൾ, ഫീസുകൾ മറ്റു ധന സ്രോതസുകൾ എന്നിവ കണ്ടെത്താൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും നിർദേശങ്ങളും കണ്ടെത്തി ജനറൽ കമ്മറ്റിക്ക് നൽകേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-06-2017മുതൽ 21-06-2017 വരെ | 5/2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-02-2016 മുതൽ 1-03-2016 വരെ | 2010-11മുതൽ 2014-15വരെ | 25-4-2016 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ എല്ലാ ആസ്തികളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളൊന്നും ആസ്തി രജിസ്റ്ററിലോ സാംഖ്യയിലോ ഉൾപ്പെടുത്തിയിട്ടില്ല.

2. സാംഖ്യ/സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും അധികമായി പിരിച്ചെടുത്ത വസ്തു നികുതി സഞ്ചയയിൽ മുൻകൂർ (book adjustment ) അയിട്ട് കാണിക്കുന്നുണ്ടെങ്കിലും ആയത് സാംഖ്യയിൽ ബാദ്ധ്യതയായി കാണിച്ചിട്ടില്ല.

3. സാംഖ്യ (അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ) പ്രകാരമുള്ള കളക്ഷൻ തുക സഞ്ചയ സോഫ്റ്റ് വെയറുമായി (വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയർ) പൊരുത്തപ്പെടുന്നില്ല.

4. വാടകയിനങ്ങളുടെ DCB വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. 31.3.2017 ൽ വാടകയിനത്തിൽ തൻവർഷത്തെ കുടിശ്ശിക ₹112350/-യാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ₹96876/- യാണ്.

5. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

6. Secured Loan രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി സംബന്ധിച്ച അപാകതകൾ

2016-17 വർഷത്തെ വസ്തുനികുതിയുടെ തൻവർഷത്തെയും കുടിശ്ശികകളുടെയും ഡി.സി.ബി.-യുമായി ബന്ധപ്പെട്ട വിവരങ്ങൾ സഞ്ചയയിലും സാംഖ്യയിലും തയ്യാറാക്കിയതും ഇന്റഗ്രേറ്റ് ചെയ്തതും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.2013-14 സാമ്പത്തിക വർഷത്തിന് മുമ്പുള്ള കുടിശ്ശികകൾ സഞ്ചയയിൽ ലഭ്യമല്ല.

2013-14 വർഷത്തിന് മുമ്പുള്ള കുടിശ്ശികകൾ സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്തി ട്ടില്ല.പ്രസ്തുത കുടിശ്ശികകളുടെ കൃത്യത ലഭ്യമാകുന്ന രജിസ്റ്റർ അടക്കമുള്ള അനുബന്ധ രേഖകളുമില്ല.ആയതിനാൽ സഞ്ചയയിൽ മുൻവർഷങ്ങളിലുള്ള കുടിശിക ഈടാക്കുന്നതിന് കഴിയില്ല. 2013-14 മുതലുള്ള കുടിശ്ശിക വിവരങ്ങൾ മാത്രമാണ് സഞ്ചയയിൽ ലഭ്യമായിട്ടുള്ളത്.

2.പ്ലിന്ത് ഏരിയാ അടിസ്ഥാനമാക്കി പരിഷ്കരിച്ച വസ്തു നികുതി 14.1.2011 മുതൽ ഡിമാന്റ് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2013-14 കാലഘട്ടം മുതലാണ് Plinth Area അടിസ്ഥാനമാക്കി നികുതി നിർണയിച്ച് ഈടാക്കി വരുന്നത്. ടി കാലഘട്ടത്തിൽ സൂചിത സമ്പ്രദായം നിലവിൽ വന്നതെങ്കിലും ആയതിന്റെ പ്രാബല്യം 14-01-2011മുതലായിരുന്നു. എന്നാൽ പ്രസ്തുത തീയതി മുതൽ 31.3.2013 വരെയുള്ള കാലയളവിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് ARV അടിസ്ഥാനമാക്കിയാണെന്ന് രേഖകളിൽ നിന്ന് വ്യക്തമാവുന്നു. മേൽ കാലയളവിലെ നികുതിദായകരെ പുതിയ നികുതിദായകരാക്കി കണക്കിലെടുത്ത് കുടിശ്ശിക ഡിമാന്റ് ചെയ്യേണ്ടതാണ്.

3. സാംഖ്യ-സഞ്ചയ കണക്കുകളിൽ വ്യത്യാസം

2016-17 വർഷത്തെ സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക കണക്ക്, സഞ്ചയ അടിസ്ഥാനമാക്കിയുള്ള ഡി.സി.ബി എന്നിവ പരിശോധിച്ചതിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയിൽ തുകയിൽ താഴെപ്പറയുന്ന വ്യത്യാസം കാണുന്നു.

| | Demand | | | Collection | | | Balance | | |
|---|---|---|---|---|---|---|---|---|---|
| | സഞ്ചയ | സാംഖ്യ | വ്യത്യാസം | സഞ്ചയ | സാംഖ്യ | വ്യത്യാസം | സഞ്ചയ | സാംഖ്യ | വ്യത്യാസം |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Property tax current | 8441908 | 6535867 | 1906041 | 2211466 | 2222604 | 11138 | 6474214 | 3556247 | 2917967 |
| Property tax arrear | 4532259 | 3662479 | 869780 | 2372891 | 2394488 | 21597 | 2529047 | 2074628 | 454419 |

Discrepancy Solving steps ലൂടെ ഈ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക സംബന്ധിച്ച്

2016-17 സാമ്പത്തിക വർഷം താഴെപറയുന്ന വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടക്കാരന്റെ പേര് | റൂം നം/പ്രതിമാസ വാടക | ആകെ വാടക | ഒടുക്കിയ വാടക | ബാക്കി |
|---|---|---|---|---|---|
| 1 | രാധാകൃഷ്ണൻ | സ്റ്റാൾ നം.1/6429 | 77148 | 38754 | 38754 |
| 2 | സുരേഷ് ചൂളപ്പടിയിൽ | സ്റ്റാൾ നം. 9/1523 | 18276 | 0 | 18276 |
| 3 | കെ.പി. ബേബി | സ്റ്റാൾ നം. 10/1154 | 13848 | 0 | 13848 |
| 4 | വെള്ളദുരൈ | സ്റ്റാൾ നം. 20/731 | 8772 | 0 | 8772 |
| 5 | ആർ രങ്കരാജ് | സ്റ്റാൾ നം. 21/804 | 9708 | 0 | 9708 |
| 6 | സതീശ് | സ്റ്റാൾ നം. 4 എ/423 | 5076 | 1269 | 3807 |
| ആകെ | | | | | 93165 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ക്രമ നം 1,5,6 എന്നിവ പ്രകാരമുള്ള വാടകക്കാരുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാൽ ടിയാളുകളിൽ നിന്ന് കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എന്നാൽ ക്രമ നം 2,3,4 എന്നിവ പ്രകാരമുള്ള വാടകക്കാരുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതാണ്. കരാറിൽ ഏർപ്പെടാതെയും വാടക ഒടുക്കാതെയും മുറി കൈവശം വച്ചതിന് സെക്രട്ടറിമാരും ഉത്തരവാദികളാണ്. ആയതിനാൽ മേൽ വാടകക്കാരുടെ കുടിശ്ശികയായ ₹40896/- യഥാസമയം വാടകക്കാരുമായി കരാറിൽ ഏർപ്പെടാതിരുന്ന സെക്രട്ടറിമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ കുടിശ്ശികക്കാർക്കു തന്നെ 2017-18 വർഷങ്ങളിലും മുറികൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്. കുടിശ്ശികക്കാർക്ക് തുടർ വർഷങ്ങളിലും മുറികൾ വാടകയ്ക്ക് നൽകാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാൾ നം.22, സ്റ്റാൾ നം.1എ, സ്റ്റാൾ നം.3എ എന്നിവ 2016-17 വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടില്ല. മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണണ്.

## 2-3 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുവാൻ ബാദ്ധ്യസ്ഥരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയോ, ഭരണ സമിതിയോ ഈ വിഷയം അഡജണ്ടയിൽ ഉൾപ്പെടുത്തുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. ഇപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളോ വ്യക്തികളോ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവായിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുകയില്ല. 2013-14 വർഷത്തിലെ രജിസ്റ്റർ പ്രകാരം 128 സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിന് ബാദ്ധ്യസ്ഥമാണ്. 2014-15 2015-16, വർഷങ്ങളിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ 2016-17 വർഷത്തെ രജിസ്റ്റർ പ്രകാരം 108 സ്ഥാപനങ്ങൾക്ക് മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യതയുള്ളത്. സ്ഥാപനങ്ങൾ എല്ലാം 2016-17 വർഷത്തിലും പ്രവർത്തിക്കുന്നുണ്ടോയെന്ന് സെക്രട്ടറിയോ ഭരണസമിതിയോ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി),(സി) എന്നിവ അനുശാസിക്കും പ്രകാരം തൊഴിൽ നികുതി ഈടാക്കുവാൻ ബാദ്ധ്യസ്ഥരായവരുടെ ലിസ്റ്റ് അല്ലെങ്കിൽ അടിസ്ഥാന രേഖ തയ്യാറാക്കേണ്ടതും അപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

## 2-4 ചട്ടങ്ങൾ പാലിക്കാതെ പെർമ്മിറ്റ് നൽകി

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 47 (ബി) പ്രകാരം നിലം നിരപ്പിനു മുകളിൽ രണ്ട് നിലകളിൽ കൂടുതലുള്ള റസിഡൻഷ്യൽ (വാസഗ്രഹ) വിഭാഗത്തിൽപ്പെടാത്ത എല്ലാ കെട്ടിടങ്ങൾക്കും അഗ്നി ബാധയിൽ നിന്നു രക്ഷപെടാനുള്ള കോണിപ്പടി നിർബന്ധമാക്കിയിട്ടുണ്ട്. ചട്ടം 58(12) പ്രകാരം നിലംനിരപ്പിൽ നിന്നും രണ്ടു നില കവിയുന്ന പാർക്കിംഗ് കെട്ടിടങ്ങളൊഴികെയുള്ള കച്ചവട, വാണിജ്യ, ഒക്യുപൻസിയിലെ കെട്ടിടങ്ങളുടെ സംഗതിയിൽ അഗ്നി ശമനസേനാ ഡയറക്ടറിൽ നിന്നോ അദേഹം ഇതിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരത്തിന്റെ ഒരു സാക്ഷ്യപത്രം കെട്ടിട നിർമ്മാണ പെർമ്മിറ്റ് ലഭിക്കുന്നതിന് വാങ്ങി ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 2 കുറിപ്പ് III പ്രകാരം ഉപചട്ടം (2) ൻ കീഴിൽ ഒന്നിൽ കൂടുതൽ ഉപയോഗമുള്ളവയിൽ ഏതൊരു കെട്ടിടവും നിയന്ത്രിത ഗ്രൂപ്പിൻ കീഴിൽ ഉൾപ്പെടുന്നതായിരിക്കും. എന്നാൽ താഴെ വിശദമാക്കിയിരിക്കുന്ന കെട്ടിടങ്ങൾക്ക് മേൽ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണ പെർമ്മിറ്റ് നല്കിയിരിക്കുന്നതായി കാണുന്നു

| ക്രമ നം | പേര് | നിലകളുടെ എണ്ണം | ഉപയോഗ ക്രമം | പെർമ്മിറ്റ് നം | ബന്ധപ്പെട്ട ചട്ടം |
|---|---|---|---|---|---|
| 1 | ശ്രീ. സുരേഷ്കുമാർ, ആലിങ്കൽ | 3 | വാണിജ്യം | നം.ബി.1-7187/2016 തീയതി 27.1.2017 | 47 (B)& 58(12) |
| 2 | ശ്രീ പുന്നിയം ദാസ് | 3 | ലോഡ്ജ് | നം.ബി1-652/2017 തീയതി 13.2.2017 | 47(B), 58(12) 2 കുറിപ്പ് III 2 ഉപചട്ടം (2) |
| 3 | ശ്രീ ജോൺ സി, | 3 | വാണിജ്യം | നം.ബി1-1152/2017 തീയതി | 47 (B)& 58(12) |

| | | | | | |
|---|---|---|---|---|---|
| | ജോൺ ഭവൻ | | | 25.4.2017 | |

ചട്ടങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച പെർമിറ്റ് റദ്ദാക്കി ചട്ടങ്ങൾക്കനുസൃതമായി നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം ₹127164/യുടെ ചെലവ് അംഗീകരിക്കുന്നില്ല

| നിർവ്വഹണം | | കൃഷി ഓഫീസർ | |
|---|---|---|---|
| ക്രമനം | പദ്ധതി നം& പദ്ധതി | അടങ്കൽ | ബിൽ നം &തുക |
| 1 | 212/2017 സംയോജിത കാർഷിക വികസനം (പൊതു വിഭാഗം) | പൊതു വിഭാഗം ₹1157000 | 3/2016-17 തീയതി 21.03.2017 തുക ₹1082722 |
| | | ഗുണഭോക്തൃ വിഹിതം ₹70350 | |
| | | ആകെ ₹1860750 | |
| 2 | 210/2017 സംയോജിത കാർഷിക വികസനം (എസ്.സി.പി) | എസ്.സിപി ₹1000000 | 4/2016-17 തീയതി 21.03.2017 തുക ₹242075 |
| | | ഗുണഭോക്തൃ വിഹിതം ₹602912 | |
| | | ആകെ ₹1602912 | |

ഗ്രാമപഞ്ചായത്തിലെ പൊതു വിഭാഗം(1), പട്ടികജാതി(2) എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന കർഷകർക്ക് കാർഷിക ഉണ നിലവാരം വർദ്ധിപ്പിക്കുന്നതിനായി വിത്ത്, വളം, കാർഷിക യന്ത്രങ്ങൾ എന്നിവ വാങ്ങിയതിന് ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

കാർഷിക അനുബന്ധ സാമഗ്രികളായ കളവെട്ട് യന്ത്രം, പവ്വർ സ്പ്രയർ, കുറ്റിപമ്പ് എന്നിവ വാങ്ങിയതിന് പൊതു വിഭാഗത്തിന് ₹72436/-യും പട്ടികജാതി വിഭാഗത്തിന് ₹54728/- യും ഉൾപ്പെടെ ₹127164/-മേൽ പരാമർശിച്ചിത ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരം അനുബന്ധം-I ആയി നൽകിയിരിക്കുന്നു.

കാർഷിക അനുബന്ധ സാമഗ്രികളായ കളവെട്ട് യന്ത്രം, പവ്വർ സ്പ്രയർ, കുറ്റിപമ്പ് തുടങ്ങിയവക്കുള്ള ധനസഹായം സമിതികൾക്കും സംഘങ്ങൾക്കും മാത്രം നൽകുന്നതിനാണ് 2016-17വർഷത്തെ സബ്സിഡി മാർഗ്ഗരേഖയായ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.01.2016 ലെ സ.ഉ (കൈ) 4/2016 ഖ. 3.1.7 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. വ്യക്തികൾക്ക് നല്കുവാൻ പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം സാമഗ്രികൾ മാർക്കറ്റ് നിരക്കിനേക്കാൾ 25% കുറഞ്ഞ നിരക്കിൽ സംഘങ്ങൾ കർഷകർക്ക് വാടകയ്ക്ക് നൽകുന്നതിനാണ് പരാമർശിച്ചിരിക്കുന്നത്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിച്ച് വ്യക്തിഗത

ഗുണഭോക്താക്കൾക്ക് കാർഷിക അനുബന്ധ സാമഗ്രികൾക്ക് ധനസഹായം നൽകിയതിനാൽ ₹127164/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ഗുണഭോക്താക്കളിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 വിത്തുകൾ വിതരണം നടത്തിയിട്ടില്ല. ₹486000/-യുടെ ചെലവ് തടസ്സം

| നിർവ്വഹണം | കൃഷി ഓഫീസർ | | | |
|---|---|---|---|---|
| പദ്ധതി നം | പദ്ധതി | അടങ്കൽ | | ബിൽ നം & തുക |
| 211/2017 | ജൈവകൃഷി പ്രോത്സാഹനം (എസ്സി.പി) | എസ്.സിപി | ₹250000 | 1/2016-17 തീയതി 16.03.2017<br>തുക ₹243000 |
| | | ഗുണഭോക്തൃ വിഹിതം | ₹70000 | |
| | | ആകെ | ₹320000 | |
| 213/2017 | ജൈവകൃഷി പ്രോത്സാഹനം<br>(പൊതു വിഭാഗം) | പൊതു വിഭാഗം | ₹1157000 | 2/2016-17 തീയതി 16.03.2017<br>തുക ₹243000 |
| | ഗുണഭോക്തൃ വിഹിതം | ₹703750 | | |
| | ആകെ | ₹1860750 | | |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി, പൊതു വിഭാഗത്തിൽ ഉൾപ്പെടുന്ന കർഷകർക്ക് കാർഷിക ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനായി വിവിധ ഇനം തൈകൾ വാങ്ങി വിതരണം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ഇത് പ്രകാരം താഴെ പരാമർശിക്കുന്ന തൈകൾ വിതരണം നടത്തുന്നതിനായി വികസനഫണ്ടിൽ നിന്ന് ₹486000/- വണ്ടിപ്പെരിയാർ സ്റ്റേറ്റ് വെജിറ്റബിൾ ഫാമിന് നൽകിയിട്ടുണ്ട്.

| | | | 211/2017<br>ജൈവകൃഷി പ്രോത്സാഹനം (എസ്.സി.പി) | | 213/2017<br>ജൈവകൃഷി പ്രോത്സാഹനം<br>(പൊതു വിഭാഗം) | |
|---|---|---|---|---|---|---|
| വിത്തിനം | നിരക്ക് | അളവ് | തുക | പ്രഫോർമ നം | തുക | പ്രഫോർമ നം |
| പച്ചക്കറി വിത്ത് | 50 | 1350 | 67500 | പി.കെ.പി-പി.പി 02/2016-17 | 67500 | പി.കെ.പി-പി.പി 01/2016-17 |
| മുരിങ്ങ വിത്ത് | 20 | 2700 | 54000 | | 54000 | |

| | | | | | | |
|---|---|---|---|---|---|---|
| കറിവേപ്പില | 15 | 2700 | 40500 | | 40500 | |
| പപ്പായ വിത്ത് | 30 | 2700 | 81000 | | 81000 | |
| ആകെ | | | 243000 | | 243000 | |

തൻ വർഷം കൊടും വേനൽ ആയതിനാൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കിയതിനു ശേഷം മാത്രമേ തൈ വിതരണം നടത്തുവാൻ പാടുള്ളൂ എന്ന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ 01.03.2017 ലെ നോട്ടീസ് പ്രകാരം അറിയിച്ചിട്ടുണ്ട്. ശക്തമായ മഴ ലഭിച്ചിട്ടും നാളിതുവരെയും വിത്തുകൾ വിതരണം നടത്തിയിട്ടില്ല. ആയതിനാൽ ₹486000/-യുടെ ചെലവ് തടസ്സം ചെയ്യുന്നു. വിത്തുകൾ വിതരണം നടത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ജീവിതശൈലി രോഗനിർണ്ണയ പരിപാടി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. -₹300000/-യുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| പദ്ധതി നം | 105/2017 |
| പദ്ധതി | ജീവിത ശൈലി രോഗനിർണ്ണയവും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹300000/- |
| ബിൽ നം, തീയതി& തുക | 11/2016-17 തീ 27.03.2017 തുക ₹300000/- |

ഗ്രാമപഞ്ചായത്തിലെ മുപ്പത് വയസ്സിന് മുകളിലുള്ളവരുടെ ജീവിതശൈലിരോഗങ്ങളായ രക്തസമ്മർദ്ദം, ഷുഗർ എന്നിവ പരിശോധിച്ച് രോഗനിയന്ത്രണം സാധ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. ഇതിനായി ഗ്രാമപഞ്ചായത്തിലെ ഒമ്പത് പി.എച്ച്.സി സബ് സെന്ററിൽ എല്ലാ ആഴ്ചകളിലും പരിശോധന നടത്തുന്നതിനായി താഴെ പരാമർശിക്കും പ്രകാരം ₹300000/- ചെലവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം | ബിൽ നം & തീയതി (നീതി മെഡിക്കൽസ് കട്ടപ്പന) | ഉപകരണങ്ങൾ എണ്ണം | | | | തുക₹ | ഡി.ഡി നം& തീയതി |
|---|---|---|---|---|---|---|---|
| | | ഗ്ലൂക്കോമീറ്റർ | ബി.പി അപ്പാർട്ടസ് | ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് | ലാൻസെറ്റ് | | |
| 1 | 31052 തീ 09.01.2017 | 9 | 13 | 14 | 390 | 48959 | 378906 തീ 04.04.2017 |
| 2 | 39160 തീ 23.01.2017 | | | 48 | 53 | 49999 | 378931 തീ 04.04.2017 |
| 3 | 41593തീ 10.02.2017 | | | 48 | 53 | 49999 | 378907 തീ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 04.04.2017 |
| 4 | 43204 തീ 27.02.2017 | | | 48 | 53 | 49999 | 378910 തീ 04.04.2017 |
| 5 | 46298 തീ 03.03.2017 | | | 1 | 1 | 1041 | 378912 തീ 04.04.2017 |
| 6 | 44964 തീ 08.03.2017 | | | 48 | 53 | 49999 | 378909 തീ 04.04.2017 |
| 7 | 46947 തീ 23.03.2017 | | | 48 | 53 | 49999 | 378911 തീ 04.04.2017 |
| 8 | ഗ്ലോറി ഓഫ് സെറ്റ് വണ്ടിപ്പെരിയാർ 240 24.03.2017 | | | ഫോട്ടോസ്റ്റാറ്റ് | | 5 | |
| ആകെ | | | | | | 300000 | |

ഈ പദ്ധതി നടപ്പിലാക്കുവാൻ പോകുന്ന വിവരം പൊതുജനങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയോ വാങ്ങിയ ഉപകരണങ്ങൾ പി.എച്ച്.സി സബ് സെന്ററിലേക്ക് വിതരണം നടത്തുകയോ ചെയ്തിട്ടില്ല. ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടി അടങ്കലായി ₹50000/- ൽ താഴെയുള്ള പല ബില്ലുകളായി വാങ്ങൽ നടപടി സ്വീകരിച്ചത് 'സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ' നടപടിക്രമങ്ങളുടെ ലംഘനമായി കണക്കാക്കുന്നു. പദ്ധതി വിജയകരമായ രീതിയിൽ നടപ്പാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-4** <u>പാലിയേറ്റീവ് കെയർ പദ്ധതി-ചെലവഴിച്ച തുകയ്ക്കുള്ള മരുന്നും ഉപകരണങ്ങളും ലഭിച്ചിട്ടില്ല.₹200000/-യുടെ ചെലവ് തടസ്സം</u>

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| പദ്ധതി നം | 101/2017 |
| പദ്ധതി | പാലിയേറ്റീവ് കെയർ പദ്ധതി |
| അടങ്കൽ | ₹600240 |
| ബിൽ നം, തീയതി& തുക | 14/2016-17 തീ 27.03. 2017 തുക ₹2,75,202/- |

പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 20.03.2017 ലെ പി.ആർ. എഫ് 3824 നമ്പരായുള്ള പ്രഫോർമ പ്രകാരമുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി ₹200000/- (ഡി.ഡി നം :378887തീ: 04.04.2017) നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും നാളിതുവരെയും ലഭിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതി പോലുള്ള പദ്ധതികളിൽ മരുന്നുകളും ഉപകരണങ്ങളും കൃത്യസമയത്ത് ഉപകാരപ്പെടത്തക്ക രീതിയിൽ ലഭ്യമാക്കേണ്ടതായതിനാൽ ₹2,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-5** <u>ബിറ്റുമിൻ -അധിക നിരക്ക് നല്കിയത് മൂലം നഷ്ടം</u>

| | |
|---|---|
| പദ്ധതി | സ്ലാഗ് ബ്രൂക്ക് റോഡ് ടാറിംഗ് (142/16-17), ജനറൽ |

| | | |
|---|---|---|
| അടങ്കൽ | ₹372000/- | |
| കൺവീനർ | പാൽരാജ് | |
| ബിൽ വിശദാംശങ്ങൾ | 2/16-17/25-10-2016 | 371916/- |
| എം.ബുക്ക് നമ്പർ | 614/15-16 | |

സൂചിത റോഡ് ടാറിംഗ് പ്രവൃത്തിക്ക് BPCL കൊച്ചിയിൽ നിന്ന് VG-30 ഇനത്തിലുള്ള ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്. VG-30 ഇനം ബിറ്റുമിന് ഡി.എസ്.ആർ, 2014പ്രകാരമുള്ള നിരക്ക് ₹41/Kg ആണ്.എന്നാൽ ഈ പ്രവൃത്തിയിലെ ബിറ്റുമിൻ ഉപയോഗിക്കുന്ന ഇനങ്ങൾക്ക് VG-10ഇനം ബിറ്റുമിന്റെ നിരക്കാണ് നല്കിയത്. ഡി.എസ്.ആർ പ്രകാരം, ₹50.6/Kg എന്നതാണ്പ്രസ്തുത ബിറ്റുമിന്റെ നിരക്ക് .വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വർക്കിന്റെ വിസ്തീർണ്ണം (എം2) | ഒരു എം2 നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിൻ(കി.ഗ്രാം.) | ഉപയോഗിച്ച ബിറ്റുമിൻ (കി.ഗ്രാം.) | | 50.6/kg നിരക്കിൽ നൽകിയ വില. | 41/kg നിരക്കിൽ നൽകാവുന്ന വില. | അധികം നൽകിയത് | നികുതി(6%) ഉൾപ്പെടെ നഷ്ട തുക |
|---|---|---|---|---|---|---|---|---|
| 6 | 36.77 | 2 | 73.54 | 1872 (1907.12- ബിൽ അളവിൽ പരിമിതപ്പെടുത്തി) | 94723.2 | 76752 | 17971 | 19049 |
| 7 | 512 | 0.75 | 384 | | | | | |
| 8 | 72.6 | 0.50 | 36.3 | | | | | |
| 9 | 584 | 1.44 | 840.96 | | | | | |
| 10 | 584 | 0.98 | 572.32 | | | | | |

നിരക്കിലെ ഈ വ്യത്യാസം മൂലം പഞ്ചായത്തിന് ₹19049/- നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടം സംഭവിച്ച വിവരം അറിയിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി 1) മറുപടി ലഭ്യമാക്കിയില്ല. ബിൽ കൃത്യമായി തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തിയ അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് പ്രസ്തുത തുക തുല്യമായി ഈടാക്കേണ്ടതാണ്.

## 3-6 അസി.എഞ്ചിനീയറുടെ സേവിംഗ് ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. പീരുമേട് ശാഖയിലുള്ള അക്കൗണ്ടിൽ(67328810621), 31.03.2017-ൽ, ₹5898471/- നീക്കിയിരിപ്പുള്ളതായി പാസ്ബുക്കിൽ കാണുന്നു. ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വെൽഫെയൽ ഫണ്ട് | 235659 |
| സർവീസ് ടാക്സ് | 27535 |
| റീട്ടെൻഷൻ | 12553 |
| കൺവീനർമാർക്ക് നല്കേണ്ട തുക | 5417545 |
| വ്യക്തതയില്ലാത്ത തുക | 205179 |
| ആകെ | 5898471 |

ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം,21-06-2017-ൽ, ₹1164897/-ബാങ്ക് നീക്കിയിരിപ്പുണ്ട്.

റെക്കൺസീലിയേഷൻ നടത്താത്തതിനാൽ സൂചിത രണ്ട് തീയതികളിലെ തുകകളുടെയും കൃത്യത പരിശോധിക്കാനായില്ല.

വെൽഫെയൽ ഫണ്ട് ബന്ധപ്പെട്ട ബോർഡിലേയ്ക്കും സർവീസ് ടാക്സ് കേന്ദ്ര ഗവൺമെന്റിലേയ്ക്കും റീട്ടെൻഷൻ ഗ്രാമപഞ്ചായത്തിലേയ്ക്കും വ്യക്തതയില്ലാത്ത തുക സഞ്ചിത നിധിയിലേയ്ക്കും അടവ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിലവിൽ പ്ലാൻ ഫണ്ട് വിനിയോഗം ട്രാൻസ്ഫർ ക്രഡിറ്റ് വഴി നടത്തുന്നതിനാൽ, തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തിന് മാത്രമാണ് ഈ അക്കൗണ്ട് നിലനിർത്തുന്നത്. തൃപ്തികരമായി വേല പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കി അസി.എഞ്ചിനീയർ ലഭ്യമാക്കുന്ന ശുപാർശയിന്മേൽ പ്രതിഫലം ട്രാൻസ്ഫർ ക്രഡിറ്റായോ ഡി.ഡിയായോ ഗ്രാമപഞ്ചായത്തിന് നേരിട്ട് നല്കാവുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ ഇത്തരമൊരു ബാങ്ക് അക്കൗണ്ട് അസി.എഞ്ചിനീയരുടെ പേരിൽ നിലനിർത്തേണ്ട ആവശ്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 3-7 കുടിവെള്ള പദ്ധതി- ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | പട്ടുമല 26 ലെയ്ൻസ് കുടിവെള്ള പദ്ധതി(363/17) |
| അടങ്കൽ തുക | ₹250,000/-(വികസന ഫണ്ട് – SCP) |
| കൺവീനർ | സിങ്കരാജ് |
| ബിൽ നം. | 86/16-17 തീ.31.03.2017 |
| ബിൽ തുക | ₹108649/- |
| അളവ് ബുക്ക് | 442/16-17 |

വൈദ്യുതി കണക്ഷൻ ലഭ്യമാക്കി, പട്ടുമല പള്ളിയ്ക്ക് എതിർവശത്ത് തേയിലത്തോട്ടത്തിലുള്ള കിണറ്റിൽ 10HP മോട്ടോർ സ്ഥാപിച്ച് നിലവിലുള്ള പമ്പിംഗ് മെയിനിൽകൂടി ലയങ്ങളിൽ വെള്ളമെത്തിക്കുന്നതിനും പ്രസ്തുത പമ്പിംഗ് മെയിനിൽ നിന്ന് പുതുതായി 202മീറ്റർ 50mm G.I.പൈപ്പ് ദീർഘിപ്പിച്ച് നിലവിലുള്ള ഒരു ടാങ്കിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.വൈദ്യുതി കണക്ഷന് ₹40000/-യും മോട്ടോറിന് ₹80000/-യും പൈപ്പിടീലിന് ₹130000/-യുമാണ് എസ്റ്റിമേറ്റ് പ്രകാരം നീക്കിവച്ചത്.

ഭാഗികമായി നടപ്പാക്കിയ പദ്ധതിയിൽ,മുൻഗണനാ പ്രകാരം യഥാക്രമം ആദ്യം നടപ്പാക്കേണ്ട വൈദ്യുതി കണക്ഷൻ ലഭ്യമാക്കലും മോട്ടോർ സ്ഥാപിക്കലും ഒഴിവാക്കി അവസാനത്തെ പൈപ്പ് ദീർഘിപ്പിക്കൽ എന്ന ഇനം മാത്രമാണ് പൂർത്തിയാക്കിയത്.പദ്ധതി പ്രകാരമുള്ള അളവ് പൈപ്പ് ട്രഞ്ച് ചെയ്ത് ഇട്ടിട്ടുണ്ടെങ്കിലും ഏകദേശം 200 മീറ്റർ പൈപ്പ് കൂടി ലഭ്യമാക്കിയാൽ മാത്രമേ, വിഭാവനം ചെയ്തതുപോലെ, നിലവിലുള്ള ടാങ്കിൽ വെള്ളമെത്തുകയുള്ളൂ എന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു.

നിലവിൽ വൈദ്യുതി വിതരണം ലഭ്യമാകുന്ന മെയിൻ റോഡിൽ നിന്ന് ഏകദേശം 100 മീറ്റർ അകലത്തിലാണ് കിണർ സ്ഥിതി ചെയ്യുന്നത്. അവിടെ നിന്ന് പുതിയ കണക്ഷൻ ലഭ്യമാകുന്നതിന് കുറഞ്ഞത് ഒരു ലക്ഷം രൂപയാകുമെന്നാണ് ഭൗതിക പരിശോധനയിൽ സന്നിഹിതനായ വാർഡ് മെമ്പർ അറിയിച്ചത്. ആയതിനാൽ ബാക്കി തുക കൊണ്ട് ശേഷിക്കുന്നതിൽ ഏതെങ്കിലും ഒരിനം മാത്രമാണ് നടപ്പാക്കാനാവുന്നത്.

മേൽ സൂചിത അടങ്കൽ തുക ആദ്യ രണ്ടിനങ്ങൾ മാത്രം നടപ്പാക്കുന്നതിന് പര്യാപ്തമായിരുന്നു.അങ്ങനെയെങ്കിൽ നിലവിലുള്ള പമ്പിംഗ് മെയിനിൽകൂടി ലയങ്ങളിൽ വെള്ളമെത്തിക്കാൻ സാധിക്കുമായിരുന്നു.

ബാക്കി തുകകൊണ്ട് പദ്ധതി പൂർത്തീകരിച്ചാൽ പോലും മേൽ സൂചിത കാരണങ്ങളാൽ ഉദ്ദേശലക്ഷ്യം കൈവരിക്കുകയില്ല എന്ന് വ്യക്തമാണ്. ആയതിനാൽ, ₹108649/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കുടിവെള്ള പദ്ധതി സമഗ്രമായ രീതിയിൽ

പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ആശ്രയ -അനുവദിച്ച തുകകൾ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല

പീരുമേട് സി.ഡി.എസിന്റെ ആശ്രയ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടത്തിനു വേണ്ടി പാമ്പനാർ സർവീസ് സഹകരണ ബാങ്കിലും രണ്ടാം ഘട്ടത്തിനു വേണ്ടി പീരുമേട് സർവീസ് സഹകരണ ബാങ്കിലും സേവിംഗ് ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തി വരുന്നു. അക്കൗണ്ടുകളുടെ 31-03-2017-ലെ നീക്കിയിരുപ്പുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു

| | ഘട്ടം 1 | ഘട്ടം 2 |
|---|---|---|
| | പാമ്പനാർ സർവീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം.4410) | പീരുമേട് സർവീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം.2/541) |
| പഞ്ചായത്തിൽ നിന്ന് ലഭിച്ച പ്ലാൻ ഫണ്ട് | 3713212 | 750000 |
| ചലഞ്ച് ഫണ്ട് | 1042304 | 126977 |
| പലിശ | 966504 | 2192 |
| ആകെ | 5722020 | 879169 |

തൻവർഷം പഞ്ചായത്ത് വികസന ഫണ്ടിൽ നിന്ന് ഒന്നും രണ്ടും ഘട്ടങ്ങൾക്ക് ലഭിച്ച തുക യഥാക്രമം ₹250000/-യും ₹750000/-യുമാണ്. പ്രസ്തുത തുകകളും നാളിതുവരെ ചെലവഴിച്ചിട്ടില്ല.

സർവ്വേ നടപടികൾ 2008-09 ആരംഭിച്ച് 2011-ൽ അംഗീകാരം ലഭിച്ച ഒന്നാം ഘട്ടം പൂർത്തിയായത് 2016-ലാണ്. ഭവന നിർമ്മാണ ധനസഹായത്തിന് അർഹരായവർ തോട്ടം തൊഴിലാളികളാണെന്നും അവർക്ക് സ്വന്തമായി സ്ഥലം ഇല്ലാത്തതുകൊണ്ടാണ് ആനുകൂല്യങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാതിരുന്നതെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. "റീവിസിറ്റ്" തുടർസേവനം ആവശ്യമുള്ളവരെ ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഒന്നാം ഘട്ടത്തിലെ ആനുകൂല്യങ്ങൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിനുവേണ്ടി "റീവിസിറ്റ്" ചെയ്ത് പദ്ധതി പുതുക്കി യഥാസമയം അംഗീകാരം വാങ്ങാൻ നടപടി സ്വീകരിക്കേണ്ടത് ഭരണസമിതിയാണ്. അനിവാര്യ ചുമതലയ്ക്ക് തുക വകയിരുത്തിയില്ലെങ്കിൽ മറ്റ് പദ്ധതികൾ നടപ്പാക്കാനാവില്ല എന്നതിനാൽ മാത്രമാണ് ആശ്രയയ്ക്ക് വേണ്ടി തുക വകയിരുത്തിയതെന്ന് ഇതിനാൽ വ്യക്തമാവുന്നു. ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ അതതു വർഷം ചെലവായി അക്കൗണ്ട് ചെയ്യപ്പെട്ട പ്രസ്തുത തുകകൾ യഥാർത്ഥത്തിൽ ചെലവ് ചെയ്യാതെ നിലനിർത്തുന്നത് ക്രമവിരുദ്ധമാണ്. സഞ്ചിത നിധിയിൽ നിന്ന് പിൻവലിച്ചശേഷം ചെലവ് ചെയ്യാതെ ഒരു മാസത്തിൽ കൂടുതൽ അവശേഷിക്കുന്ന തുക തിരിച്ചടവാക്കണമെന്ന

സർക്കാർ ഉത്തരവിനും (ജി.ഒ.(പി) 177/2006/ ധനം/ തീ.12-04-2006) വിരുദ്ധമായാണ് പ്രസ്തുത തുകകൾ നിലനിർത്തി വരുന്നത്. എസ്റ്റേറ്റ് മേഖലയായതിനാൽ തോട്ടം തൊഴിലാളികൾ അധിവസിക്കുന്ന വാർഡുകൾ ഭൂരിപക്ഷമുള്ള ഗ്രാമപഞ്ചായത്തിൽ പിന്നോക്ക അവസ്ഥയിലുള്ള ഗുണഭോക്താക്കളുടെ എണ്ണം കൂടുതലാവാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുകകൾ കൊണ്ട് ഇവരുടെ ഭക്ഷണം, കുടിവെള്ളം, ആരോഗ്യ സുരക്ഷ, വിദ്യാഭ്യാസാനുകൂല്യം തുടങ്ങിയ പ്രാഥമികമായ ആവശ്യങ്ങളെങ്കിലും നിറവേറ്റാമായിരുന്നു. എന്നാൽ ഇതൊന്നും ചെയ്യാതെ തുകകൾ പാഴാകുന്ന സമീപനമാണുണ്ടായത്. ചുരുക്കത്തിൽ, ആശ്രയ പദ്ധതിയുടെ നടത്തിപ്പിന്റെ സംഗതിയിൽ, 2011-ന് ശേഷമുള്ള പഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും തികഞ്ഞ അനാസ്ഥയാണ് കാണിച്ചത്.

രണ്ടാം ഘട്ടത്തിലേയ്ക്ക് ആവശ്യകതാ നിർണയം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അർഹരായ എല്ലാവരും പദ്ധതിയിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കി കാര്യക്ഷമമായും ഫലപ്രദമായും പദ്ധതി നടപ്പാക്കാൻ ഭരണസമിതിയും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വെള്ളക്കരം ഒടുക്കൽ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 124 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം ₹43750/- കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തുന്നുണ്ട്. എന്നാൽ ഇതിൽ എത്ര ടാപ്പുകൾ പ്രവർത്തിക്കുന്നവയാണെന്നോ പ്രവർത്തിക്കാത്തവ എത്രയെന്നോ വ്യക്തമല്ല.വാട്ടർ അതോറിറ്റിയും പഞ്ചായത്തുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല. 26-9-16 ലെ ഗ്രാമപഞ്ചായത്തു കമ്മറ്റിയുടെ xi(5) തീരുമാനപ്രകാരം ഉപയോഗപ്രദമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ തുക അടച്ചുവരുന്നത് ബോധ്യപ്പെടുകയും വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിരുന്നുവെങ്കിലും നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ആയതിനാൽ എത്രയും പെട്ടെന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തിക്കാത്തവയുടെ വെള്ളക്കരമിനത്തിൽ അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-10 മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല

ഓണം മുൻകൂർ ഇനത്തിൽ ശ്രീ.ബൈജു ചെറിയാൻ, ഓഫീസ് അസിസ്റ്റന്റിന് വൗച്ചർ നമ്പർ 21600541/6-9-2016 പ്രകാരം ₹15000/- നൽകിയിട്ടുണ്ടെങ്കിലും ₹6000/- മാത്രമേ നാളിതുവരെ തിരികെ ഈടാക്കിയിട്ടുള്ളൂ. ഈടാക്കാൻ അവശേഷിക്കുന്ന ₹9000/-സർക്കുലർ നമ്പർ 21384/എ.ബി-3/11/ത.സ്വ.ഭ.വ തീയതി 4-6-2011 പ്രകാരമുള്ള പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-11 ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കുപോക്ക് വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 15-16 സാമ്പത്തിക വർഷത്തിൽ സപ്ലൈയേസ് ഡെപ്പോസിറ്റ് ഇനത്തിൽ ശ്രീ.കെ.എൻ സന്തോഷ്, കന്നിൽ, വാഗമൺ എന്നയാളിൽ നിന്നും 17-5-2015 ലെ 11504101409 നമ്പർ രസീത് പ്രകാരം ഒടുക്കിയ ഡെപ്പോസിറ്റ് തുക ₹50000/- വൗച്ചർ നമ്പർ 21600363/13-7-16 പ്രകാരം തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കുപോക്ക് വരുത്തിയിട്ടില്ല .

## 3-12 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല ₹150000/-യുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പദ്ധതി നം | 100/2016-17 |
| പദ്ധതി | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ബിൽ നം. തീയതി & തുക | 1/2016-17 തീ 04.03.2017 തുക ₹150000/- |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി നിർദ്ദേശാനുസരണം ആലപ്പുഴ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ 20.01.2016 ലെ പി.എഫ് 216 നമ്പരായുള്ള പ്രഫോർമ പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി മേൽ സൂചിത ബിൽ പ്രകാരം ₹150000/- കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും (ട്രാൻസ്ഫർ ക്രഡിറ്റ്) പ്രസ്തുത തുകയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ₹150000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ക്ഷേമ പെൻഷനുകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ക്ഷേമ പെൻഷൻ അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല. പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് തീരുമാനമാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| അപേക്ഷന്റെ പേര്/വിലാസം | അപേക്ഷയുടെ ഇനം | അപേക്ഷ ലഭിച്ച തീയതി | ഫയൽ നമ്പർ | അന്വേഷണത്തിന് നൽകിയ തീയതി | അന്വേഷണത്തിന് ശേഷം തിരികെ ലഭിച്ച തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|---|---|---|---|
| പി.കെ.കുട്ടപ്പൻ, പ്ലാക്കത്തടം | വാർധക്യകാല പെൻഷൻ | 19-9-16 | 5359 | 24-9-16 | തിരികെ ലഭിച്ചിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| മാത്യൂആന്റണി, കൊട്ടുവാക്കരണം | വാർധക്യകാല പെൻഷൻ | 19-9-16 | 5364 | 24-9-16 | തിരികെ ലഭിച്ചിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| നടരാജൻ,കല്ലാർ | വാർധക്യകാല പെൻഷൻ | 19-9-16 | 5369 | 24-9-16 | തിരികെ ലഭിച്ചിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| വിശാലാക്ഷി, പാമ്പനാർ | വാർധക്യകാല പെൻഷൻ | 28-9-16 | 5611 | 30-9-16 | തിരികെ ലഭിച്ചിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| കണ്ണൻ എം, ഗ്ലെൻമേരി | വികലാംഗ പെൻഷൻ | 6-10-16 | 5856 | 20-10-16 | തിരികെ ലഭിച്ചിട്ടില്ല | തീർപ്പാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| ജെസി, കൊട്ടുവാക്കരണം | വികലാംഗ പെൻഷൻ | 5-11-16 | 6403 | 19-12-16 | തിരികെ ലഭിച്ചിട്ടില്ല | തീർപ്പാക്കിയിട്ടില്ല |

## 3-14 ഉപയോഗപ്രദമല്ലാത്ത ബൊലെറോ ജീപ്പ് ലേലം ചെയ്ത് ഫണ്ടിൽ കൂട്ടിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉപയോഗശൂന്യമായ ബെലെറോ ജീപ്പ് KL37A 1053 നിലവിലുള്ള അവസ്ഥയിൽ ലേലം ചെയ്ത് ഫണ്ടിൽ കൂട്ടുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി പലവട്ടം തീരുമാനം (ഉദ.3-11-16 II(1), 21-2-17 iv നമ്പർ തീരുമാനം) എടുത്തിരുന്നെങ്കിലും നാളിതുവരെ ജീപ്പ് ലേലം ചെയ്ത് തുക ഫണ്ടിൽ കൂട്ടിയിട്ടില്ല. നിലവിൽ പഞ്ചായത്ത് പരിസരത്ത് മഴയും വെയിലുമേറ്റ് തുരുമ്പെടുത്ത് നശോന്മുഖമായികൊണ്ടിരിക്കുന്ന അവസ്ഥയിൽ ആണ് കിടക്കുന്നത്. എത്രയും പെട്ടെന്ന് ലേലം ചെയ്ത് ഫണ്ടിൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 വാഹനം വാങ്ങിയതിന് പരിധി കവിഞ്ഞ് തുക ചെലവഴിച്ചു - ₹42257/-യുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നമ്പർ | 198/2016-17 |
| പദ്ധതി | പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്) |
| ബിൽ നം | 17/2016-17 തീ 15.12.2016 ₹1000000/-(വികസന ഫണ്ട്) |
| വൗച്ചർ നം | 21600920 തീ 27.12.2016 ₹42257/-(തനത് ഫണ്ട്) |

ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് ചെലവഴിക്കാവുന്ന പരമാവധി തുക പത്ത് ലക്ഷം രൂപ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06.09.2012ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ.)2528/2012/ ആയി നിജപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങുന്നതിനായി 2015-16 വർഷം അംഗീകാരം ലഭിച്ച പദ്ധതിയുടെ അടങ്കൽ തുകയും പത്ത് ലക്ഷം രൂപ മാത്രമാണ്. എന്നാൽ മഹീന്ദ്ര കമ്പനിയുടെ SCORPIO S6 PLUS 2WD 7SEATER BS4 മോഡൽ വാഹനം വാങ്ങിയതിന് ₹1042257/-ചെലവഴിച്ചു.

പദ്ധതിയിൽ വകയിരുത്തിയതിലും അധികമുള്ള ചെലവ് തനത് ഫണ്ടിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ്, പദ്ധതി അടങ്കൽ എന്നിവയിലെ പരിധി കവിഞ്ഞ് വാഹനം വാങ്ങലിൽ ചെലവ് വന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി 03.11.2016 (ഇൻവോയ്സ് വന്ന തീയതിക്ക് ശേഷം) ലെ III നമ്പർ അജണ്ട പ്രകാരം സർക്കാരിന്റെ സാധൂകരണം വാങ്ങുന്നതിന് തീരുമാനിച്ചെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ പരിധി ലംഘിച്ച് ₹42257/-ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പദ്ധതി നം | 98/2017 |
| പദ്ധതി | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ബിൽ നം, തീയതി& തുക | 2/2016-17 തീ 20.12.2016 തുക ₹350000/- |

ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി നിർദ്ദേശാനുസരണം ഔഷധിയുടെ 20.10.2016 ലെ പി.എഫ് 636 നമ്പരായുള്ള പ്രഫോർമ പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി മേൽ സൂചിത ബിൽ പ്രകാരം ₹350000/- ഔഷധിക്ക് നൽകിയിട്ടുണ്ടെങ്കിലും (ഡി.ഡി നം :473584തീ:20.10.2016) ₹81364/-യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ₹268636/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിച്ച് ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

വിവിധ പദ്ധതികൾക്കായി ആയുർവേദ മരുന്ന് നല്കുന്നതിനായി ഔഷധിക്ക് തുക മുൻകൂറായി നല്കുന്നുണ്ടെങ്കിലും മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ ഔഷധി വീഴ്ച വരുത്തുന്നു. ഔഷധിയിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ തുക മുൻകൂർ നല്കാമെങ്കിലും കരാർ വച്ച് 60 ദിവസത്തിനുള്ളിൽ മരുന്ന് നല്കേണ്ടതാണ്. മേൽ കാലയളവിനുള്ളിൽ മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നല്കാൻ ബാദ്ധ്യസ്ഥമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 13160/ഡി.എ1/2010 തീയതി 28.11.2010 പ്രകാരം നിർദ്ദേശമുണ്ട്. ഗ്രാമപഞ്ചായത്തുമായി ഔഷധി 09.02.2017 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും 19.03.2017 ൽ മാത്രമാണ് ₹81364/- യുടെ മരുന്ന് ലഭിച്ചിട്ടുള്ളത്.

## 3-17 എസ്.എസ്.എ തുക ചെലവഴിച്ചത്-ഔദ്യോഗിക രസീതും വിശദമായ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല ചെലവ് തടസ്സം ₹1000000/-

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 214/2016-17 |
| പദ്ധതി | എസ്.എസ്.എ വിഹിതം അടയ്ക്കൽ |
| അടങ്കൽ | ₹1000000 |
| ബിൽ നം & തുക | 9/2016-17 തീ 15.12.2016 ₹300000 |
| | 11/2016-17 തീ 15.12.2016 ₹200000 |
| | 12/2016-17 തീ 15.12.2016 ₹300000 |

| | |
|---|---|
| | 13/2016-17 തീ 15.12.2016 ₹200000 |

തൻ വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വിഹിതമായി ₹10,00,000/-(ഡി.ഡി നം:975154 തീ 07.02.2017) എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹10,00,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 3-18 വിവിധ പദ്ധതികൾക്ക് തുക മുൻകൂറായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.₹77000/-യുടെ ചെലവ് തടസ്സം

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾക്കായുള്ള ചെലവു തുക മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപ്പിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പദ്ധതി നം | അടങ്കൽ | ബിൽ നം & തീയതി | തുക₹ | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം | ബാക്കി തുക₹ |
|---|---|---|---|---|---|---|---|
| 1 | 111/2017 കിടാരി വളർത്തൽ (പൊതു വിഭാഗം) @₹5000/- | (പൊതു വിഭാഗം) ₹200000<br>(ഗ്ര.വി) ₹200000<br>ആകെ ₹400000<br>ഗുണഭോക്താക്കൾ 40 | 7/2016-17 29.03.2017 | 105000 | 90000 | 18 | 15000 |
| 2 | 112/2017 കിടാരി വളർത്തൽ (പട്ടിക ജാതി വിഭാഗം) @₹7500/- | (എസ്.സി.പി) ₹300000<br>(ഗ്ര.വി) ₹100000<br>ആകെ ₹400000<br>ഗുണഭോക്താക്കൾ 40 | 4/2016-17 29.03.2017 | 195000 | 150000 | 20 | 45000 |
| 3 | 113/2017 ആട് വളർത്തൽ | (പൊതുവിഭാഗം) ₹60000 | 2/2016-17 29.03.2017 | 33000 | 24000 | 8 | 9000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (പൊതു വിഭാഗം) @₹3000/- | (ഗ്ര.വി) ₹60000<br>ആകെ ₹1200000<br>ഗുണഭോക്താക്കൾ 20 | | | | | |
| | 114/2017 ആട് വളർത്തൽ (പട്ടിക ജാതി വിഭാഗം) @4000/- | (എസ്.സി.പി) ₹120000<br>(ഗ്ര.വി) ₹60000<br>ആകെ ₹180000<br>ഗുണഭോക്താക്കൾ 30 | 5/2016-17 29.03.2017 | 88000 | 80000 | 20 | 8000 |
| ആകെ | | | | | | | 77000 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫണ്ടുകൾ സഞ്ചിത നികുതിയിൽ നിന്നും പബ്ലിക്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന സമ്പ്രദായം ധനകാര്യ വകുപ്പിന്റെ 21.03.2015 ലെ സ.ഉ (പി) 119/2015 പ്രകാരം നിർത്തലാക്കി. ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ സ.ഉ (പി) 177/2016 ഖണ്ഡിക 6.1പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ ഭവന നിർമ്മാണം, വൗച്ചർ സമർപ്പിക്കാനാവാത്ത കൃഷിയുടെ പദ്ധതികൾ എന്നിവയ്ക്ക് മാത്രമേ മുൻകൂർ പിൻവലിക്കുന്നതിന് മേൽ ഉത്തരവിലെ ഖ.6.2 പ്രകാരം ഇളവ് അനുവദിച്ചിരിക്കുന്നത്. മൃഗസംരക്ഷണ പദ്ധതികളിൽ ഈ ഇളവ് അനുവദിച്ചിട്ടില്ല. എന്നാൽ ഇതിന് വിപരീതമായി തുക പിൻവലിച്ച് നാല് മാസത്തോളം ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

ആയതിനാൽ ₹77000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി പണം ചെലവഴിക്കുകയോ സഞ്ചിത നിധിയിലേക്ക് നിക്ഷേപിക്കുകയോ ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-19 വ്യക്തിഗത കക്കൂസ് നിർമ്മാണം- തുക നല്കിയിട്ടും വേല പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | ഗ്രാമ സേവകൻ |
| പദ്ധതി നം | 1/2016-17 |
| പദ്ധതി | വ്യക്തിഗത കക്കൂസ് നിർമ്മാണം |
| അടങ്കൽ | ₹3819200 |
| ബിൽ നം, തീയതി& തുക | 1/2016-17 തീ 29.07.2016 തുക ₹500000/-<br>2/2016-17 തീ 29.07.2016 തുക ₹1000000/- |

| | |
|---|---|
| | 3/2016-17 തീ 17.10.2016 തുക ₹1000000/- |
| | 6/2016-17 തീ 18.11.2016 തുക ₹300000/- |
| | 9/2016-17 തീ 12.02.2017 തുക ₹800000/- |
| | 14/2016-17 തീ 27.03.2017 തുക ₹291200/- |

ഗ്രാമപഞ്ചായത്തിലെ 248 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് ₹15400/- നിരക്കിൽ ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്. ഇതിൽ താഴെ പരാമർശിക്കുന്ന 3 ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | നൽകിയ തുക ₹ |
|---|---|---|
| 1 | സുബ്രഹ്മണ്യൻ, പോത്തുപാറ | 9400 |
| 2 | ശരവണ കുമാർ പട്ടുമല | 9400 |
| 3 | പുഷ്പ സൈമൺ, അമ്പലം കുന്ന് | 9400 |

വേല പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 ഭവന നിർമ്മാണം-വേലപൂർത്തീകരിച്ചിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണം | ഗ്രാമസേവകൻ | |
| പദ്ധതി നം. | 194/2017 | |
| പദ്ധതി | ഭവന നിർമ്മാണം (പൊതുവിഭാഗം) | |
| അടങ്കൽ | സി.എഫ്.സി | ₹1898896 |
| | തനത് ഫണ്ട് | ₹61104 |
| | ആകെ | ₹1960000 |
| ബിൽ നം& തീയതി | 7/2016-17 തീ 23.11.2016 തുക₹300000 | |
| | 9/2016-17 തീ 09.02.2016 തുക₹500000 | |
| | 12/2016-17 തീ 17.11.2016 തുക₹1098896 | |
| | ചെ നം: 0760737 തുക ₹61104 | |

ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം ആരംഭിച്ച ഭവന നിർമ്മാണ പദ്ധതി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. താഴെ പരാമർശിക്കുന്ന നാല് ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് മുൻകൂർ സ്വീകരിച്ചെങ്കിലും വേല പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക ₹ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | നിസ്സാമുദ്ദീൻ, കലലുതാഴത്ത് | 1,80,000 | മേൽക്കൂര |
| 2 | കെ.കെ ശശി ചാമക്കാലായിൽ | 80,000 | ഭിത്തി ഭാഗം |
| 3 | തോമസ് കുട്ടി, ചിലമ്പിക്കുന്നേൽ | 1,80,000 | മേൽക്കൂര |

| | | | |
|---|---|---|---|
| 4 | വനജ പ്രകാശ്, പുത്തൻപുരയിൽ | 80,000 | ഭിത്തി ഭാഗം |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | ജി.ഒ(ആർ.ടി) 1557/2015 /ത.സ്വ.ഭ.വ തീയതി 27.05.2015 | 10080000 | 10080000 | 1638000 | - | 8442000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹70809 /-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ | രസീത് തീയതി |
|---|---|---|---|---|---|---|
| 1 | 1988-89,1989-90 | 5(A) | 50 | എച്ച്.എം., സെന്റ് ജോസഫ്സ് എൽ.പി.എസ്. | 11604104409 | 16.03.2017 |
| 2 | 1988-89,1989-90 | 5(B) | 50 | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, പീരുമേട് | 11604104410 | 17.03.2017 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 1988-89,1989-90 | 7(7) | 60 | എസ്. ശിവസുബ്രമണ്യം, പാമ്പനാർ | 11604104411 | 18.03.2017 |
| 4 | 1988-89,1989-90 | 7(8) | 60 | റ്റി. പെരുമാൾ, പാമ്പനാർ | 11604104412 | 19.03.2017 |
| 5 | 1988-89,1989-90 | 7(9) | 70 | മീരാൻ, പാമ്പനാർ | 11604104413 | 20.03.2017 |
| 6 | 1988-89,1989-90 | 7(10) | 60 | എസ്. സെയ്ത്ത് മുഹമ്മദ് | 11604104414 | 21.03.2017 |
| 7 | 1988-89,1989-90 | 7(12) | 110 | ഏകാംബരൻ, പാമ്പനാർ | 11604104415 | 22.03.2017 |
| 8 | 1988-89,1989-90 | 7(14) | 50 | അബ്ദുൾ ലത്തീഫ് | 11604104416 | 23.03.2017 |
| 9 | 1988-89,1989-90 | 7(15) | 60 | സക്കറിയ ജോസഫ് | 11604104417 | 24.03.2017 |
| 10 | 1988-89,1989-90 | 7(22) | 110 | മുത്തു സെൽവം | 11604104418 | 25.03.2017 |
| 11 | 1988-89,1989-90 | 7(24) | 120 | പി. ആന്റണി | 11604104419 | 26.03.2017 |
| 12 | 1988-89,1989-90 | 15 | 14 | റ്റി. കുമാരൻ, സെക്രട്ടറി | 11604104421 | 27.03.2017 |
| 13 | 1988-89,1989-90 | 17(2) | 80 | പി. ഡാനിയേൽ, യു.ഡി.സി. | 11604104422 | 28.03.2017 |
| 14 | 1988-89,1989-90 | 19 | 75 | കെ. ബാലസുബ്രമണ്യം, ഇ.ഒ. | 11604104423 | 29.03.2017 |
| 15 | 1988-89,1989-90 | 19(7) | 36 | പി.വി. ചാക്കോ, എൽ.ഡി.സി. | 11604104424 | 30.03.2017 |
| 16 | 1988-89,1989-90 | 19(12) | 26 | വി.റ്റി. ജേക്കബ്, യു.ഡി.സി. | 11604104425 | 31.03.2017 |
| 17 | 1988-89,1989-90 | 19(13) | 56 | അമ്മിണി പാപ്പച്ചൻ, എഫ്.റ്റി.എസ്. | 11604104427 | 01.04.2017 |
| 18 | 1988-89,1989-90 | 19(14) | 28 | കെ.കെ. അമ്മിണി, പി.റ്റി.എസ്. | 11604104428 | 02.04.2017 |
| 19 | 2005-06 | 2(5) | 900 | എം.എൻ. സന്തോഷ്, എൽ.ഡി.സി. | 11604100507 | 03.05.2016 |
| 20 | 2009-10 | 2(3) | 13000 | എസ്. ലെനീന്ദ്രൻ, റിട്ട. സെക്രട്ടറി | 11604102216 | 29.07.2016 |
| 21 | 2008-09 | 3(4), 3(5) | 26500 13160 | എസ്. ലെനീന്ദ്രൻ, റിട്ട. സെക്രട്ടറി | 11604102245 | 28.09.2016 |
| 22 | 2013-14 | 2(2) | 2904 | കലിയ മൂർത്തി, സ്വാമി ഇല്ലം | 11604104684 | 25.03.2017 |
| 23 | 2013-14 | 2(2) | 940 | പി. രാജൻ, കോൺഗ്രസ് പ്രസിഡന്റ് | 11604104775 | 28.03.2017 |
| 24 | 2013-14 | 2(2) | 6540 | പി. രാജൻ, കോൺഗ്രസ് പ്രസിഡന്റ് | 11604104775 | 28.03.2017 |
| 25 | 2014-15 | 2(1) | 5750 | വെള്ളദുരെ, ശ്രീവിനായകം ഭവൻ | 11604104884 | 30.03.2017 |
| | | | **70809** | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3-2 | 2013-14 | 4-7 | പണിപൂർത്തിയാക്കാതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ₹50,64,425/- പാഴ്ചെലവ് | പ്രോജക്ടിൽ തുക വകയിരുത്തി പണി പൂർത്തികരിച്ചു വരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,77,02,534 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,55,37,080 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 40896 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 146213 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2632452 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 40896 | 11878 | | ശ്രീ.റ്റിജി തോമസ്,സെക്രട്ടറി |
| | | 1797 | | ശ്രീ. അജു കെ.പി., സെക്രട്ടറി |
| | | 27221 | | ശ്രീ. ബി. ബാലകൃഷ്ണപിള്ള, സെക്രട്ടറി |
| 3-1 | | | 127164 | ശ്രീ. ഷെല്ലി. സി., കൃഷി ഓഫീസർ |
| 3-5 | | | 9524 | ശ്രീ.രമേശൻ റ്റി.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | | 9525 | ശ്രീ.കെ.എം ഉഷാനന്ദൻ, |

| | | | | |
|---|---|---|---|---|
| | | | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 486000 | ശ്രീ.ഷെല്ലി.സി,കൃഷി ആഫീസർ |
| 3-3 | 300000 | ഡോ.ഡോൺ ബോസ്കോ,മെഡിക്കലാഫീസർ,പി.എച്ച്.സി |
| 3-4 | 200000 | ഡോ.ഡോൺ ബോസ്കോ,മെഡിക്കലാഫീസർ,പി.എച്ച്.സി |
| 3-7 | 108649 | രമേശൻ റ്റി.ആർ., അസി. എഞ്ചിനീയർ |
| 3-12 | 150000 | ഡോ.പ്രണിത നെൽസൺ,<br>മെഡിക്കലാഫീസർ,ഹോമിയോ |
| 3-15 | 42257 | ശ്രീ.ബി.ബാലകൃഷ്ണപിള്ള,<br>സെക്രട്ടറി |
| 3-16 | 268636 | ഡോ.ശ്രീജിത്ത്,<br>മെഡിക്കലാഫീസർ,ആയുർവ്വേദം |
| 3-17 | 1000000 | ശ്രീ.ബി.ബാലകൃഷ്ണപിള്ള,<br>സെക്രട്ടറി |
| 3-18 | 77000 | ഡോ.രാജേഷ് വി.ആർ,<br>വെറ്ററിനറി സർജൻ |
| ആകെ | 2632452 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റിജി തോമസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>പെരുവന്താനം ഗ്രാമപഞ്ചായത്ത് | വടക്കയിൽ,<br>ആർ.പി.സി പി.ഓ<br>മുണ്ടക്കയം-686513 |

| | | |
|---|---|---|
| ശ്രീ.രമേശൻ റ്റി.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | തുമ്പ്രാത്ത്കുടിയിൽ, ഭൂതത്താൻകെട്ട്, ചെന്നിക്കര,കോതമംഗലം. |
| ശ്രീ.കെ.എം ഉഷാനന്ദൻ, അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | കിഴക്കേൽ , കെ.എസ്.ഇ.ബി സബ്സ്റ്റേഷന് എതിർവശം കട്ടപ്പന,ഇടുക്കി. |
| ശ്രീ. ഷെല്ലി. സി., കൃഷി ഓഫീസർ | കൃഷി ഓഫീസർ, കേരള നിയമസഭ, തിരുവനന്തപുരം | വയലിൽ, അഞ്ചുതെങ്ങ്, തിരുവനന്തപുരം |
| ശ്രീ. അജു കെ.പി. അസി. സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പീരുമേട് | കൊച്ചുവീട്ടിൽ, പനമറ്റം പി.ഒ., കൂരാലി – 686522 |
| ശ്രീ. ബി. ബാലകൃഷ്ണപിള്ള, സെക്രട്ടറി | സെക്രട്ടറി , പീരുമേട് ഗ്രാമപഞ്ചായത്ത് | ശ്രീഹരി, മിയന്നൂർ പി.ഒ., കൊല്ലം- 696037 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1974-1975 | എൽ.എഫ്.ഐ.6-526/98/19.12.1998 | |
| 1975-1976 | എൽ.എഫ്.ഐ.6-526/98/19.12.1998 | |
| 1976-1977 | എൽ.എഫ്.ഐ.6-526/98/19.12.1998 | |
| 1977-1978 | എൽ.എഫ്.ഐ.6-526/98/19.12.1998 | |
| 1978-1979 | എൽ.എഫ്.ഐ.7-87/26.07.1980 | |
| 1979-1980 | എൽ.എഫ്.ഐ.7-87/26.07.1980 | |

| | | |
|---|---|---|
| 1980-1981 | എൽ.എഫ്.ഐ.4-794/84/10.07.1985 | |
| 1981-1982 | എൽ.എഫ്.ഐ.4-794/84/10.07.1985 | |
| 1982-1983 | എൽ.എഫ്.ഐ.4-794/84/10.07.1985 | |
| 1983-1984 | എൽ.എഫ്.ഐ.4-794/84/10.07.1985 | |
| 1984-1985 | എൽ.എഫ്.ഐ.6-191/86/19.02.1987 | |
| 1985-1986 | എൽ.എഫ്.ഐ.6-860/87/19.03.1988 | |
| 1986-1987 | എൽ.എഫ്.ഐ.6-874/90/16.05.1990 | |
| 1987-1988 | എൽ.എഫ്.ഐ.6-863/91/08.08.1993 | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.6-863/91/08.08.1993 | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.6-655/92/11.12.1992 | |
| 1992-1993 | എൽ.എഫ്.ഐ.6-244/94/17.07.1994 | |
| 1993-1994 | എൽ.എഫ്.ഐ.7-235/95/20.06.1995 | |
| 1994-1995 | എൽ.എഫ്.ഐ.6-361/96/12.02.1996 | |
| 1995-1996 | എൽ.എഫ്.ഐ.6-55/99/15.01.2000 | |
| 1996-1997 | എൽ.എഫ്.ഐ.6-147/98/20.11.1998 | |
| 1997-1998 | എൽ.എഫ്.ഐ.6-213/2000/09.06.2000 | |
| 1998-1999 | എൽ.എഫ്.ഐ.6-495/2000/29.08.2000 | |
| 1999-2000 | എൽ.എഫ്.ഐ.6-6661/05.10.2001/05.04.2002 | |
| 2000-2001 | എൽ.എഫ്.ഐ.6-121/02/20.07.02/11.12.02 | |

| | | |
|---|---|---|
| 2001-2002 | എൽ.എഫ്.ഐ.6-696/03/25.02.04/10.06.04 | |
| 2002-2003 | എൽ.എഫ്.ഐ.6-12/05/10.07.05/05.11.05 | |
| 2003-2004 | എൽ.എഫ്.ഐ.6-175/07/15.02.07/31.07.07 | |
| 2004-2005 | എൽ.എഫ്.ഐ.6-949/07/12.03.08/05.04.08 | |
| 2005-2006 | എൽ.എഫ്.ഐ.8-1019/08/04.08.09/08.02.10 | |
| 2006-2007 | എൽ.എഫ്.ഐ.8-19/10/14.09.10/29.10.10 | |
| 2007-2008 | എൽ.എഫ്.ഐ.8-1264/10/13.10.11/14.11.11 | |
| 2008-2009 | എൽ.എഫ്.ഐ.8-1231/11/10.02.12/10.05.12 | |
| 2009-2010 | എൽ.എഫ്.ഐ.8-563/12/13.07.12/07.12.12 | |
| 2010-2011 | എൽ.എഫ്.ഐ.8-328/13/03.05.13/09.07.13 | |
| 2011-2012 | എൽ.എഫ്.ഐ.8-1272/13/06.11.13/19.04.13 | |
| 2012-2013 | എൽ.എഫ്.ഐ.8-536/14/30.06.14/04.10.14 | |
| 2013-2014 | എൽ.എഫ്.ഐ.8-794/13/06.08.2015 | |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 8/646/2016 തി.2.6.2016 | |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.8/1550/2016/ തീ.8.10.2016 | |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## സംയോജിത കാർഷിക വികസനം പദ്ധതി-ധനസഹായത്തിന്റെ വിശദാംശം (ഖണ്ഡിക 3-1 കാണുക)

സംയോജിത കാർഷിക വികസനം പദ്ധതിയുടെ ഭാഗമായി അനുബന്ധ സാമഗ്രികളായ കളവെട്ട് യന്ത്രം, പവ്വർ സ്പ്രയർ, കുറ്റിപമ്പ് എന്നിവയ്ക്ക് നൽകിയ ധനസഹായത്തിന്റെ വിശദാംശം താഴെ നൽകുന്നു.

| | | | | |
|---|---|---|---|---|
| പൊതു വിഭാഗം | | | | |
| കളനീക്കൽ യന്ത്രം | | | | |
| ഗുണഭോക്താവ് | ബിൽ നം തീയതി | വില ₹ | നൽകിയ ധനസഹായം ₹ | അക്കൗണ്ട് നമ്പർ |
| സോജിയ എലിസബത്ത് കരിമ്പനത്തറയിൽ | 6102 തീ 02.02.2017 | 10300 | 4904 | 144053000006119 |
| ലൈസാമ്മ ജോർജ്ജ്, കോലാനി കൊമ്പേൽ | 6165 തീ 08.02.2017 | 10300 | 4904 | 30423740373 |
| വരുവേൽ, കുരിശുമൊട്ട | കെ.ഡി 9686 തി 15.02.2017 | 17500 | 5000 | 31020451483 |
| ബോബച്ചൻ, കണിയാമ്പറമ്പിൽ | 456 ബി 28.02.2017 | 14761 | 5000 | 012280100289507 |
| പവ്വർ സ്പ്രെയർ | | | | |
| ജോസഫ് പുതിയേടൻ | 322തീ 02.02.2017 | 10900 | 5000 | 10608608482 |
| ജോയി തോമസ്, മുതുപ്ലാക്കൽ | 505 തീ 07.02.2017 | 29140 | 5000 | 144053000009379 |
| കുര്യൻ മണിയാലിൽ | 451, തീ 08.02.2017 | 8809 | 4404 | 101608611869 |

| | | | | |
|---|---|---|---|---|
| | | | | |
| ഫിലിപ്പ് പി.എസ്, പാറാംതോട്ട് | 521, തീ 20.02.2017 | 20000 | 5000 | 31602786136 |
| അബ്ദുൾ സമദ് , കാരോട്ടിയിൽ | 6374 തീ 21.02.2017 | 9300 | 4495 | 67021386549 |
| ജോർജ്ജ്, കരടിക്കുഴി | 6393 തീ 23.02.2017 | 8700 | 4195 | 10608651857 |
| സുരേഷ് ഇ.എസ്, പുത്തേട്ട് | കെ.എ533 തീ 24.02.2017 | 17600 | 5000 | 362802010020217 |
| ഷിനോ ജോസ്, ഞാറക്കുന്നേൽ | കെ.ഡി 9684 | 22010 | 5000 | 10548570881 |
| ബാബു . പി, ഉണ്ടുപറമ്പിൽ | കെ.ഡി 10641 | 9500 | 4534 | 57061293301 |
| മാത്യു എബ്രഹാം, കാരോട്ട് പുത്തൻ വീട് | 12415 | 215000 | 5000 | 20311496686 |
| കുറ്റി പമ്പ് | | | | |
| രത്തിന രാജ്, ചിദംബരം എസ്റ്റേറ്റ് | 6101 തീ 06.02.2017 | 2200 | 1000 | 10608628704 |
| മുരളീധര പിഷാരടി, അശോകത്ത് പിഷാരം | 6174 തീ 09.02.2017 | 2200 | 1000 | 57061293312 |
| തങ്കരാജ്, സത്യഭവനം | 6248 തീ 13.02.2017 | 2200 | 1000 | 67019179853 |
| തോമസ്, ഉളംകുഴിയിൽ | ബി.1689 തീ | 2250 | 1000 | 67250280618 |
| കൃഷ്ണൻ, ഗോകുലം | എ.എ03116 തീ 20.02.2017 | 2250 | 1000 | 67090532781 |
| ആകെ | | | 72436 | |

| പട്ടിക ജാതി വിഭാഗം | | | | |
|---|---|---|---|---|
| കളനീക്കൽ യന്ത്രം | | | | |
| ഗുണഭോക്താവ് | ബിൽ നം തീയതി | വില ₹ | നൽകിയ ധനസഹായം ₹ | അക്കൗണ്ട് നമ്പർ |
| അയ്യപ്പൻ രാജമുടി ഗ്രാമ്പി | 6164 തീ 01.02.2017 | 8500 | 4040 | 34763272237 |
| പവ്വർ സ്പ്രേയർ | | | | |
| രാജൻ. സി കൊട്ടുവ്ക്കരണം | 2308 ബി തീ 06.02.2017 | 20155 | 5000 | 67022749015 |
| വടിവേൽരാജ്, കൊട്ടുവാക്കരണം | എ.എം.ബി 617 തീ 04.02.2017 | 15750 | 5000 | 57061272959 |
| ചെല്ലപൊന്ന്, കൊട്ടുവാക്കരണം | 168, തീ 03.02.2017 | 8900 | 4391 | 57061272620 |
| ഐയമ്മ, തേങ്ങാക്കൽ | 168, തീ 03.02.2017 | 8400 | 4142 | 31602786136 |
| മുത്തയ്യ, പട്ടുമല പുതുവൽ | 004467 തീ 08.02.2017 | 7350 | 3500 | 014405302242 |
| അങ്കമുത്ത്, കുമാർ കോട്ടേജ് | 1001 തീ 15.02.2017 | 14999 | 5000 | 10608611326 |
| മുനിയാണ്ടി, രാജേഷ് ഭവൻ | 2632 ബി തീ 18.02.2017 | 24999 | 5000 | 10608618810 |
| രഘു പി, കൊട്ടുവാക്കരണം | ബി 1706 തീ 23.02.2017 | 32500 | 5000 | 30430356635 |
| തങ്കമ്മ രഘു, പട്ടുമനയിൽ | 452 ബി തീ 27.02.2017 | 14500 | 5000 | 10608591512 |
| എൽസി ശേഖർ, പട്ടുമല എസ്റ്റേറ്റ് | 465 ബി തീ 03.03.2017 | 8500 | 3655 | 33129150683 |
| കുറ്റി പമ്പ് | | | | |
| ചിന്നസാമി, ലാൻഡ്രം | 2174 തീ 25.01.2017 | 2150 | 1000 | 67368850055 |
| മണികണ്ഠൻ, ലാൻഡ്രം | 6372 തീ 21.02.2017 | 2200 | 1000 | 67216746093 |
| നാഗരാജ്, ലാൻഡ്രം | 6373 തീ 21.02.2017 | 2200 | 1000 | 67383127172 |
| അർപുതം,ലാൻഡ്രം | 6442 തീ 28.02.2017 | 2200 | 1000 | 10608596327 |
| കടക്കര, പട്ടുമല | 6482 തീ 03.03.2017 | 2200 | 1000 | 10608608903 |
| ആകെ | | | 54728 | |

ഒട്ടാകെ ₹72436+₹54728=₹127164

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ഐ.ഡി.കെ- /8/1057/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്
ഇടുക്കി, തൊടുപുഴ

തീയതി : 14.08.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

KSAIDK/8/1057/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha

Dated: 14.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Peermedu Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of Peermedu Grama Panchayat for the year 2016-17 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR